**Monthly Programme Report**

# KSMDB COllege Sasthamkotta BMC

Institution Name: **KSMDB COllege Sasthamkotta** BMC Code: **KLM/2011/13**

ProgrameTitle: **Participated in wetland study program organised by Government of India and Wetlands International .CEO Mr Han de Groot, visited our lake for the ecosystem assessment**

| | | |
|---|---|---|
| Program Category: **Participation in relevant events conducted by DoECC/Other agencies** | Activity Type: **Awarness Program** | No.of participants: **5** |
| Planned Date: **18-06-2023** | Renewed date: **-** | Program Date: **18-06-2023** |
| Budgeted Amount: **Rs 0/-** | Total expenditure: **Rs 0/-** | Balance: **Rs 0/-** |

## Brief Report

links

**https://www.newsatnet.com/news/local-news/157067/**

**https://ksmdbc.ac.in/officials-from-government-of-india-and-wetlands-international-ceo-mr-han-de-groot-visited-our-lake-for-the-ecosystem-assessment/**

## Photographs














# തടാകപരിപാലനം പഠിക്കാൻ ദേശീയ തണ്ണീർത്തടസംഘമെത്തി

**സന്ദർശനം പദ്ധതികൾ പരിഷ്കരിക്കുന്നതിന്**

**ശാസ്താംകോട്ട›** ശാസ്താംകോട്ട തടാകം കേന്ദ്രീകരിച്ചു നടപ്പാക്കേണ്ട പരിപാലനപദ്ധതികൾ പഠിക്കാൻ ദേശീയ തണ്ണീർത്തടസംഘമെത്തി. വെറ്റ്ലാൻഡ് ഇന്റർനാഷണൽ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ഹാൻ ഡി.ഗ്രൂട്ടിന്റെ നേതൃത്വത്തിലുള്ള അഞ്ചംഗ സംഘമാണെത്തിയത്. കേന്ദ്രാവിഷ്കൃതപദ്ധതി പ്രകാരമുള്ള പരിപാലനകർമപദ്ധതികൾ പരിഷ്കരിക്കുന്നതുമായി ബന്ധപ്പെട്ട് വിവരങ്ങൾ തേടുകയാണ് പ്രധാന ലക്ഷ്യം.

ഇതിനായി തടാകത്തിന്റെ സംരക്ഷണത്തിനാവശ്യമായ സമഗ്ര റിപ്പോർട്ടിൽ ഉൾപ്പെടുത്തേണ്ട വിവരങ്ങൾ ശേഖരിക്കുക, തടാകത്തിന്റെ നിലവിലെ സ്ഥിതിഗതികൾ നേരിട്ടു വിലയിരുത്തുക, വിവിധ ഏജൻസികൾ നടത്തിയ പഠന റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ നിജസ്ഥിതി ബോധ്യപ്പെടുക എന്നിവയാണ് സംഘത്തിന്റെ ദൗത്യം.

രാവിലെ എത്തിയ ദേശീയ സംഘം ശാസ്താംകോട്ട തടാകത്തിന്റെ വിവിധ ഭാഗങ്ങൾ സന്ദർശിച്ചു. പ്രദേശവാസികളിൽനിന്നും പരിസ്ഥിതി പ്രവർത്തകരിൽനിന്നും വിവരങ്ങൾ തേടി.

വെറ്റ്ലാൻഡ് ഇന്റർനാഷണൽ സൗത്ത് ഏഷ്യ ഡയറക്ടർ ഡോ. റിതേഷ് കുമാർ, പ്രസിഡന്റ് ഡോ. സിദ്ധാർഥ കൗൾ, സംസ്ഥാന തണ്ണീർത്തട അതോറിറ്റി സ്പെഷ്യലിസ്റ്റ് ഡോ. ജുനൈദ് ഹസൻ, വെറ്റ്ലാൻഡ് അനലിസ്റ്റ് അരുൺകുമാർ എന്നിവരും സംഘത്തിലുണ്ടായിരുന്നു. നമ്മുടെ കായൽ കൂട്ടായ്മ കൺവീനർ എസ്.ദിലീപ്കുമാർ, ശാസ്താംകോട്ട ദേവസ്വം ബോർഡ് കോളേജ് ഭൂമിത്രസേന ക്ലബ് കോ-ഓർഡിനേറ്റർ ലക്ഷ്മി ശ്രീകുമാർ എന്നിവർ തടാകത്തിന്റെ നിലവിലെ അവസ്ഥ ബോധ്യപ്പെടുത്തി.

ശാസ്താംകോട്ട തടാകം സന്ദർശിച്ച ദേശീയ തണ്ണീർത്തടപഠനസംഘം പരിസ്ഥിതി പ്രവർത്തകരിൽനിന്നു വിവരങ്ങൾ ആരായുന്നു

**ജനകീയസദസ്സ് ചൊവ്വാഴ്ച**

**ശാസ്താംകോട്ട›** സംസ്ഥാന സർക്കാരിനെതിരേ യു.ഡി.എഫ്. കുന്നത്തൂർ നിയോജകമണ്ഡലം കമ്മിറ്റി സംഘടിപ്പിക്കുന്ന അഴിമതിവിരുദ്ധ ജനകീയസദസ്സ് ചൊവ്വാഴ്ച വൈകീട്ട് നാലിന് ഭരണിക്കാവിൽ നടക്കും. ഡി.സി.സി. പ്രസിഡന്റ് പി.രാജേന്ദ്രപ്രസാദ് ഉദ്ഘാടനം ചെയ്യും. നിയോജകമണ്ഡലം ചെയർമാൻ ഗോകുലം അനിൽ അധ്യക്ഷതവഹിക്കും.

**എസ്.ഡി.പി.ഐ. സമ്മേളനം**

**ശാസ്താംകോട്ട›** ആഞ്ഞിലിമൂട്ടിൽ ചേർന്ന എസ്.ഡി.പി.ഐ. ജില്ലാ പ്രതിനിധിസമ്മേളനം സംസ്ഥാന വൈസ് പ്രസിഡന്റ് പി.അബ്ദുൽ ഹമീദ് ഉദ്ഘാടനംചെയ്തു. ജില്ലാ പ്രസിഡന്റ് അബ്ദുൽ ലത്തീഫ് അധ്യക്ഷതവഹിച്ചു. എ.കെ.സലാഹുദ്ദീൻ, തുളസീധരൻ പള്ളിക്കൽ, പി.പി.റഫീഖ്, ജോൺസൺ കണ്ടച്ചിറ, ഷഫീഖ് എം.അലി, എ.കെ.ഷെരീഫ്, ഷംസുദ്ദീൻ പോരുവഴി, രാജി അശോകൻ, നജ്മുദ്ദീൻ തുടങ്ങിയവർ സംസാരിച്ചു.

**പ്രതിഷ്ഠാവാർഷികം**

**ചവറ സൗത്ത്›** വടക്കുംഭാഗം കണ്ണങ്കിരാത്ത് ഭഗവതിക്ഷേത്രത്തിലെ പ്രതിഷ്ഠാവാർഷികം 23-ന് നടക്കും. വടശ്ശേരിമഠം കേശവർ ഹരികുമാർ മുഖ്യകാർമികത്വം വഹിക്കും.

**പുത്തനമ്പലം ദേവീക്ഷേത്രത്തിൽ …**

**ബാലവേദി പരിശീലന ക്യാമ്പ് സംഘടിപ്പിച്ചു**

# വെറ്റ്‌ലാൻഡ് ഇന്റർനാഷണൽ സംഘം ശാസ്താംകോട്ട തടാകം സന്ദർശിച്ചു



വെറ്റ്‌ലാൻഡ് ഇന്റർനാഷണൽ സംഘം ശാസ്താംകോട്ട തടാകം സന്ദർശിച്ച് വിവരങ്ങൾ ശേഖരിക്കുന്നു

**ശാസ്താംകോട്ട**

ശാസ്താംകോട്ട തടാകത്തിന്റെ പരിപാലന കർമ്മ പദ്ധതികൾ പരിഷ്കരിക്കുന്നതുമായി ബന്ധപ്പെട്ട് വെറ്റ്‌ലാൻഡ് ഇന്റർനാഷണൽ സംഘം സന്ദർശനം നടത്തി. വിവരങ്ങൾ ശേഖരിക്കുക, തടാകത്തിന്റെ നിലവിലെ സ്ഥിതിഗതികൾ വിലയിരുത്തുക, വിവിധ ഏജൻസികൾ നടത്തിയ പഠന റിപ്പോർട്ടുകൾ മനസ്സിലാക്കുക എന്നിവയാണ് സംഘത്തിന്റെ ലക്ഷ്യം.വെറ്റ്‌ലാൻഡ് ഇന്റർനാഷണൽ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ഹാൻ ഡിഗ്രൂട്ട്, സൗത്ത് ഏഷ്യ ഡയറക്ടർ റിദേഷ് കുമാർ, പ്രസിഡന്റ് സിദ്ധാർത്ഥ കൗൾ, സംസ്ഥാന തണ്ണീർത്തട അതോറിറ്റി വെറ്റ്‌ലാൻഡ് സ്പെഷലിസ്റ്റ് ജുനൈദ് ഹസ്സൻ, വെറ്റ്‌ലാൻഡ് അനലിസ്റ്റ് അരുൺ കുമാർ എന്നിവരുടെ നേതൃത്വത്തിലാണ് ഉദ്യോഗസ്ഥസംഘം സന്ദർശനം നടത്തിയത്. നമ്മുടെ കായൽ കൂട്ടായ്മ കൺവീനർ എസ് ദിലീപ് കുമാർ, ദേവസ്വം ബോർഡ് കോളേജ് ഭൂമിത്രസേന ക്ലബ് കോ–ഓഡിനേറ്റർ ലക്ഷ്മി ശ്രീകുമാർ എന്നുവരിൽ നിന്നും സംഘം വിവരങ്ങൾ ശേഖരിച്ചു.